നമ്പർ : ICPS 2/18108/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 02/05/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരുടെ റിവ്യു - 01.04.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ ജെ.ജെ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ പ്രസൻറ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന :

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിൽ 01.04.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച പ്രൊപ്പോസലുകൾ ഡി.സി.പി.ഒ-മാർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കണമെന്ന് അറിയിച്ചിരുന്നു. അപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരുടെ ഒരു മീറ്റിംഗ് 10.05.2017-ന് രാവിലെ 10 മണി മുതൽ തിരുവനന്തപുരം പൂജപ്പുര അനക്സ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ വച്ച് സൂപ്രണ്ടുമാർ പ്രൊപ്പോസലുകൾ സംബന്ധിച്ച് പവർ പോയിൻറ് പ്രസന്റേഷൻ നടത്തേണ്ടതാണ്. പ്രസ്തുത യോഗത്തിൽ എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 2017 മെയ് മാസം 11-ാം തീയതി സ്റ്റേറ്റ് അഡോപ്ഷൻ റിസേർച്ച് ഏജൻസിയുടെ ഒരു പരിശീലന പരിപാടി പൂജപ്പുര എസ്.സി.ഇ.ആർ.ടി കോൺഫറൻസ് ഹാളിൽ വച്ച് തന്നെ നടക്കുന്നതിനാൽ 10-ാം തീയതി വൈകുന്നേരം മുതൽ ജെ.ജെ സ്ഥാപനസൂപ്രണ്ടുമാർക്ക് താമസസൗകര്യം പൂജപ്പുര എസ്.സി.ഇ.ആർ.ടി-യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. യോഗത്തിൽ പങ്കെടുക്കുന്ന ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്ക് നിയമപ്രകാരമുള്ള TA/DA- യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും.

പകർപ്പ്

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.
2. എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.
3. ഐ.സി.പി.എസ്-4
4. സ്റ്റോക്ക് ഫയൽ